| QP CODE: D2BML2402 | (Pages: 2) | Reg. No | : | ............................... |
|---|---|---|---|---|
| | | Name | : | ............................... |

**Second Semester B. Sc. (Honours) (FYUGP) Degree Examination April 2025**

**AEC (AL) MALAYALAM**

**MAL2FA104(2) : വിനിമയമലയാളവും ശാസ്ത്രരചനയും**

| Time: 1.5 Hours | Maximum Marks: 50 |
|---|---|

## എ വിഭാഗം

താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.
ഓരോന്നിനും **2** മാർക്ക് വീതം. സീലിംഗ് **16** മാർക്ക്.

| | | | |
|---|---|---|---|
| 1. | മലയാളഭാഷാ കമ്പ്യൂട്ടിങ് രംഗത്ത് സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ് കൂട്ടായ്മ നടത്തിയ ഇടപെടലുകൾ വിശദീകരിക്കുക. | BL2 | CO1, CO5 |
| 2. | പുസ്തകപരിചയത്തെ വിമർശനത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കാനാകുമോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. | BL2 | CO2 |
| 3. | "The true sign of intelligence is not knowledge but imagination." ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കുറിപ്പെഴുതുക. | BL3 | CO3 |
| 4. | **തനിനിറം**<br>കറുപ്പൊരു നിറമല്ല<br>സഹിച്ചതൊക്കെയും തഴമ്പിച്ചതാണത്<br>വെളുപ്പൊരു നിറംതന്നെ ചെയ്തതിനെ ഓർത്ത്<br>തൊലിയുരിയുമ്പോൾ വെളിപ്പെടുന്നത്.<br>-(വീരാൻ കുട്ടി)<br>ഈ കവിത മുന്നോട്ടുവെക്കുന്ന സൂക്ഷ്മരാഷ്ട്രീയം രണ്ടോ മൂന്നോ വാക്യത്തിൽ വിശദീകരിക്കുക. | BL3 | CO4 |
| 5. | ആകാശത്തിന്റെ വക്കുകൾ കത്തിക്കുന്ന ഗുൽമോഹർമരം എന്നപ്രയോഗത്തിന്റെ കാവ്യഭംഗി വ്യക്തമാക്കുക. | BL2 | CO2 |
| 6. | ശാസ്ത്രലേഖനങ്ങളുടെ സവിശേഷതകൾ അടയാളപ്പെടുത്തുക. | BL2 | CO1 |
| 7. | കുട്ടികൃഷ്ണമാരാരുടെ സാഹിത്യവിമർശനം യുക്ത്യാധിഷ്ഠിതമാണ്. പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക. | BL2 | CO2 |
| 8. | സാഹിത്യപരിഭാഷയും ശാസ്ത്രപരിഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ വിവരിക്കുക. | BL3 | CO3 |
| 9. | ജീൻസിട്ട പെൺകുട്ടി പറഞ്ഞു: “ശ്രമിച്ചാൽ വേറെതൊരു കാര്യത്തിലും പുരുഷനൊപ്പമെത്താം. വേറൊന്നിലും വേണ്ട മൂത്രമൊഴിക്കലിലെങ്കിലും ആണുങ്ങൾക്കൊപ്പമെത്തിയാൽ മതിയായിരുന്നുവെന്ന് ഞാൻ പലപ്പോഴും **(PTO)** | BL3 | CO4 |

| | | | |
|---|---|---|---|
| | കൂട്ടുകാരോട് പറയാറുണ്ട്." കഥാസന്ദർഭത്തിൽ നിന്ന് വ്യക്തമാകുന്ന പെൺകുട്ടിയുടെ മനോഭാവത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. | | |
| 10. | Transgender, Marginalized, Differently abled എന്നീ വാക്കുകൾക്ക് ഉചിതമായ പരിഭാഷകൾ നിർദേശിക്കുക. | BL3 | CO3 |
| | | | |
| | **ബി വിഭാഗം** | | |
| | താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. ഓരോന്നിനും **6** മാർക്ക് വീതം. സീലിംഗ് **24** മാർക്ക്. | | |
| 11. | ഭാവനയും നിരീക്ഷണപാടവവും ഒരുമിച്ചു കരുത്താർജിച്ച സാംസ്കാരികവളർച്ചയാണ് ആധുനികജ്ഞാനത്തിന്റെ അടിസ്ഥാനം. '*അമ്പിളിമാമ*ന്റെ *യാഥാർത്ഥ്യ*ത്തെ' ആസ്പദമാക്കി സമർത്ഥിക്കുക. | BL4 | CO1, CO5 |
| 12. | സർപ്പക്കാട് എന്ന കവിതയെക്കുറിച്ച് വി.സി.ശ്രീജന്റെ ലേഖനം പുതിയ ഉൾക്കാഴ്ചകൾ തരുന്നുണ്ടോ? പര്യാലോചിക്കുക. | BL4 | CO2 |
| 13. | ഭാഷകൾ മാത്രമല്ല സാംസ്കാരിക സന്ദർഭങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് വിവർത്തനം നടത്തേണ്ടത്. Green light എന്ന പ്രതീകത്തെ പച്ചക്കൊടി എന്ന് വിവർത്തനം ചെയ്തിരിക്കുന്നതിന്റെ യുക്തികൾ മുൻനിർത്തി വിശദീകരിക്കുക. | BL4 | CO3 |
| 14. | നിങ്ങൾ നടത്തിയ യാത്രയിൽ സന്ദർശിച്ച സ്ഥലങ്ങളുടെ, കഴിച്ച ഭക്ഷണത്തിന്റെ, ഇടപെട്ട മനുഷ്യരുടെയൊക്കെ സവിശേഷതകൾ പരിചയപ്പെടുത്തിക്കൊണ്ട് തയ്യാറാക്കാനുദ്ദേശിക്കുന്ന ഒരു യൂട്യൂബ് വ്ലോഗിനുവേണ്ടി ഉള്ളടക്കരചന നടത്തുക | BL4 | CO4, CO5 |
| 15. | സിനിമയുടെ ദൃശ്യപാഠം വിനിമയം ചെയ്യുന്നതിൽ സബ്ടൈറ്റിലുകളുടെ പങ്ക് *Forest man* എന്ന ഡോക്യുമെന്ററിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക. | BL4 | CO4, CO5 |
| | | | |
| | **സി വിഭാഗം** | | |
| | ഏതെങ്കിലും ഒരുചോദ്യത്തിന് ഉത്തരം നൽകുക. ഓരോന്നിനും **10** മാർക്ക് വീതം. (**1 X 10 = 10** മാർക്ക്) | | |
| 16. | കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന പരിസ്ഥിതി ദുരന്തങ്ങളെക്കുറിച്ചും ഒരു ഉപന്യാസം തയ്യാറാക്കുക. | BL3 | CO1, CO5 |
| 17. | കുഞ്ഞുങ്ങൾ പലപ്പോഴും അധികാരപ്രയോഗത്തിന്റെ ഇരകളാണ് എന്ന ആശയത്തെ അടിസ്ഥാനമാക്കി '*രണ്ടു കുഞ്ഞുങ്ങൾ*' എന്ന കവിതയ്ക്ക് ഒരു നിരൂപണം തയ്യാറാക്കുക. | BL6 | CO4, CO5 |
| | | | |
| | **CO : Course Outcome** | | |
| | **BL : Bloom's Taxonomy Levels** (1 – Remember, 2 – Understand, 3 – Apply, 4 – Analyse, 5 – Evaluate, 6 – Create) | | |